# Desabhimani
# 28 August 2018
# Kochi; Cleaning, N.H.S , After Flood

## ശുചീകരണത്തിന് എൻഎസ്എസ് വളന്റിയർമാരും

**കൊച്ചി**

ഓണാവധിക്ക് വിടനൽകി ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ വിദ്യാർഥികളും. തേവര എസ്എച്ച് കോളേജിലെ നാഷണൽ സർവീസ് സ്കീമിന്റെ (എൻഎസ്എസ്) നൂറോളം പ്രവർത്തകരാണ് പ്രളയദുരിതത്തിലായവരെ സഹായിക്കാനിറങ്ങിയത്.

ദുരിതം ഏറെ ബാധിച്ച ആലുവ, നോർത്ത് അടുവാശേരി, മാഞ്ഞാലി, പറവൂർ കവല, കണിച്ചുകുളങ്ങര എന്നിവിടങ്ങളിലെ വീടുകൾ പെൺകുട്ടികൾ ഉൾപ്പെടെയുള്ള പ്രവർത്തകർ ശുചീകരിച്ചു. ചെല്ലാനം പ്രദേശത്തെ വീടുകളിൽ അവശ്യവസ്തുക്കളെത്തിച്ചു. ക്യാമ്പുകൾ പ്രവർത്തിക്കുന്ന ആലുവ യുസി കോളേജ്, കൂനമ്മാവ് ചാവറ സ്കൂൾ, എസ്എച്ച് കോളേജ്, പൂച്ചാക്കൽ എസ്എൻഡിഎസ്‌വൈ യുപിഎസ് എന്നിവിടങ്ങളിലും വളന്റിയർമാരുടെ സേവനമെത്തി.



തേവര എസ്എച്ച് കോളേജിലെ എൻഎസ്എസ് വളന്റിയർമാർ നോർത്ത് അടുവാശേരിയിലെ വീടുകൾ വൃത്തിയാക്കുന്നു